XI. റൂളിംഗ്

മി. സ്പീക്കർ : അങ്ങു ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും നിയമവകുപ്പുമന്ത്രിയുമെല്ലാം മറുപടി പറഞ്ഞു. ഞാൻ ആദ്യം പറഞ്ഞത് ഇതിന്റെ ചട്ടപ്രകാരമുള്ള കാര്യങ്ങളാണ്. നമ്മൾ ഒരു ബില്ലിന്റെ തടസ്സവാദങ്ങൾ ഏതു സമയത്താണ് കൊണ്ടുവരേണ്ടത് എന്ന് നിയമസഭാ ചട്ടങ്ങളിൽ പറയുന്നുണ്ട്. തടസ്സവാദങ്ങൾ അതിന്റെ അവതരണവേളയിൽ തന്നെയാണ് കൊണ്ടുവരേണ്ടത്. അപ്പോൾ കൊണ്ടുവരണം. ഇനി അങ്ങനെ കൊണ്ടുവരാൻ കഴിയാതെ വന്നാൽ റൂൾ 79 കൂടി പരിഗണിച്ചു കൊണ്ട് പറയുകയാണ്, അതനുസരിച്ചാണ് ഇവിടെ വന്നിരിക്കുന്നത്. വീണ്ടും അവസരങ്ങൾ വരും. ഈ രൂപത്തിൽ ഉള്ള തടസ്സവാദമല്ല. അങ്ങ് ഇപ്പോഴുന്നയിച്ച രൂപത്തിലുള്ളതല്ല. അല്ലാതെ തന്നെ ഈ റിപ്പോർട്ടിന്റെ ഡിസന്റുണ്ട്. അങ്ങ് ഉൾപ്പെടെയുള്ള ആളുകളുടെ ഡിസന്റുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അതു വേറെ കേസാണ്.

മി. സ്പീക്കർ : വേറെ കേസ് വരുകയില്ല. ഒരു കേസ് മാത്രമേ ഇവിടെയുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഒരു തെറ്റു കണ്ടാൽ ഏതു സന്ദർഭത്തിലും ചൂണ്ടിക്കാണിക്കാം.

മി. സ്പീക്കർ : അതിനുവേണ്ടിയാണ് പറയുന്നത്. ഞാൻ പറയുന്നതു മുഴുവൻ അങ്ങു കേൾക്കുക. അങ്ങേയ്ക്കു വേണ്ടിയാണ് ഞാൻ പറയുന്നത്. ഏതു സമയത്തും തിരുത്താം, ഡിസന്റിൽ അങ്ങേയ്ക്ക് പറയാം. ഇനി ഡിസന്റിൽ പറഞ്ഞില്ല എങ്കിൽ ക്ലാസ് ബൈ ക്ലാസുണ്ട്. വേർഡ് ബൈ വേർഡ് ഉണ്ട്. അങ്ങനെയാണല്ലോ ഇവിടെ വരുന്നത്. ആ സമയത്തെല്ലാം പറയാം. അല്ലാതെ ഒരു ജനറൽ ഒബ്ജക്ഷൻ എന്ന നിലയിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.. റൂൾ അനുസരിച്ചുതന്നെ.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഒറിജിനൽ ബില്ലിൽ ഇല്ലാത്ത കാര്യങ്ങളാണ്.

മി. സ്പീക്കർ : അതായിക്കോട്ടെ. അതു ക്ലാസ് ബൈ ക്ലാസ് എടുക്കുമ്പോൾ പറയാം. ആ ക്ലാസ്സിൽ അതിനുള്ള സന്ദർഭമുണ്ട്. ഇവിടെ ചർച്ച ചെയ്തു പാസ്സാക്കുകയല്ലേ ചെയ്യുന്നത്? ഡോ. എം.എ. കുട്ടപ്പൻ എന്തിനാണ് ഇവിടെ എഴുതിത്തന്നത്? അദ്ദേഹം തരേണ്ട കാര്യമില്ല. ഉന്നയിച്ചാൽ പോരേ? അദ്ദേഹത്തിന് അതിനുള്ള അവകാശമുണ്ട്. ക്ലാസ് ബൈ ക്ലാസ് എടുക്കുമ്പോൾ അതെടുക്കാം. ഇൻട്രോഡക്ഷനിലോ അല്ലെങ്കിൽ മറ്റു രൂപത്തിലോ ഉള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. അതുകൊണ്ട് അങ്ങയുടെ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ലെന്നു ചെയർ റൂൾ ചെയ്യുന്നു.

(അദ്ധ്യക്ഷവേദിയിൽ ഡോ. കെ.സി. ജോസഫ്)

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ബഡ്ജറ്റിൽ നിർദ്ദേശിച്ച നികുതി നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്ന ഈ ധനകാര്യ ബില്ലിനോടുള്ള എന്റെ വിയോജനം രേഖപ്പെടുത്തുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക രംഗങ്ങളെയും കൃഷിക്കാരെയും ചെറുകിട കർഷകരെയും ബാധിക്കുന്ന ഗുരുതരമായ ഭവിഷ്യത്തുകളുണ്ടാക്കുന്ന നികുതിനിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ സംസ്ഥാനം വ്യാപാരരംഗത്തും വ്യവസായികരംഗത്തും കടുത്ത മത്സരങ്ങൾ നേരിടുകയാണ്. നികുതിനിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly